بسم الله الرحمن الرحيم

- നന്മകൾ ചെയ്യാനുള്ള അവസരം ലഭിക്കുമ്പോൾ അതിൽ നിന്നെല്ലാം മാറി നിൽക്കാൻ ശ്രമിക്കുന്നവരെ കാണാം.
- ജുമുഅ, ജമാഅത്ത് നമസ്കാരങ്ങൾക്ക് മടി കാണിക്കുന്നവർ
- മാതാപിതാക്കൾ വിളിച്ചാൽ മറുപടി കൊടുക്കൻ മടി കാണിക്കുന്നവർ
- യുവത്വവും ആരോഗ്യവും സമൂഹത്തിന് വേണ്ടി ഉപയോഗിക്കാൻ മടിക്കുന്നവർ..
- ഇത്തരത്തിൽ മടി കാണിക്കുന്നത് ഇരു ലോകത്തും വലിയ നഷ്ടങ്ങളുണ്ടാക്കും.
- അല്ലാഹു ആവശ്യപ്പെടുന്നത് ഊർജസ്വലരായി ഇരിക്കാനാണ്. അല്ലാതെ മടിയന്മാരായി ജീവിക്കാനല്ല.
- അതു കൊണ്ടാണ് മൂസാ നബി (അ) യോട് അല്ലാഹു ഇപ്രകാരം പറഞ്ഞത്.

اذْهَبْ أَنتَ وَأَخُوكَ بِآيَاتِي وَلَا تَنِيَا فِي ذِكْرِي ﴿طه: ٤٢﴾

- ഈ ആയത്തിൽ وَلَا تَنِيَا എന്ന വാക്കിന് ശൈഖ് സഅദി (റഹി) പറഞ്ഞ വ്യാഖ്യാനം എന്നെ പതിവായി ഓർക്കുന്നതിൽ നിങ്ങൾ മടി കാണിക്കുകയോ, വീഴ്ച്ച വരുത്തുകയോ ചെയ്യരുത് എന്നാണ്.
- **വിശ്വാസി മടി ഒഴിവാക്കണം.**

فَإِذَا فَرَغْتَ فَانصَبْ ﴿٧﴾ وَإِلَىٰ رَبِّكَ فَارْغَب ﴿٨﴾

- ജോലി എടുക്കാത്ത വ്യക്തിയെ കണ്ട ഉമർ (റ) പറഞ്ഞത്

قال عمر: إني أَرَى الرجُلَ فَيُعْجبُنِي فأَسأَلُ هلْ لَهُ مِن عَمَلٍ فَيُقَالُ: لَا .فَيَسقُطُ مِنْ عَينِي

ഉമർ (റ) ഒരാളെ കണ്ടു. അദ്ദേഹത്തോട് എന്താണ് ജോലി എന്നു അന്വേഷിച്ചു. ജോലിയൊന്നും ഇല്ലെന്ന മറുപടി ലഭിച്ചു. ഞാൻ അദ്ദേഹത്തിന് ഒരു വിലയും കൽപ്പിക്കുന്നില്ലെന്നാണ് ഉമർ (റ) അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത്

മടി കാരണം ജോലിക്ക് പോകാതിരിക്കുന്നതാണ് അദ്ദേഹം ഇവിടെ ഉദ്ദേശിച്ചത് എന്നു വ്യക്തമാണ്.

- അബ്ബാസിയ കാലഘട്ടത്തിലെ മഹാനായ പണ്ഡിതനും ഖുർആൻ വ്യാഖ്യാതാവുമായ ഇമാം റാഗിബ് അലസതയെ നിർവചിച്ചത് ഇപ്രകാരമാണ്: 'ഒരു വ്യക്തി ആവേശത്തോടും ഊർജസ്വലതയോടും ചെയ്യേണ്ട പ്രവർത്തനം ഇവ രണ്ടുമില്ലാതെ ചെയ്യുന്നതാണ് അലസത.

## ❖ മടി കൊണ്ടുള്ള അപകടങ്ങൾ

### 1. ഇഹലോകത്തും പരലോകത്തും നഷ്ടമാണ്.

മടി കാണിക്കുന്നവർ അവരുടെ പഠനത്തിൽ, പ്രവർത്തനങ്ങളിൽ, ആരാധനകളിൽ എല്ലാം പിന്തി നിൽക്കുന്നു. അതു കാരണം അവർക്ക് ഇരു ലോകത്തും നഷ്ടങ്ങൾ മാത്രമാണ് സംഭവിക്കുന്നത്.

**അധികാരം നഷ്ടമായ ചരിത്രം.**

قيل لعبد الواحد بن سليمان بن عبد الملك: ما أذْهبَ مُلْكَكُم؟ قالَ :نَومُ الغَدَواتِ، وشُربُ العَشَواتِ

അബ്ദുൽ വാഹിദ് ബ്ൻ സുലൈമാൻ ബ്ൻ അബ്ദിൽ മലിക് രാജ കുടുംബാംഗമാണ്. അദ്ദേഹത്തോട് ചോദിക്കപ്പെട്ടു. നിങ്ങളുടെ അധികാരം എങ്ങനെയാണ് നഷ്ടമായത്? അദ്ദേഹം പറഞ്ഞു; പ്രഭാത സമയങ്ങളിലെ ഉറക്കവും രാത്രിയിലെ മദ്യപാനവും കാരണം.

- അതായത് ബറക്കത്ത് ഇറങ്ങുകയും ആളുകളെല്ലാം കർമ്മ നിരതരാവുകയും ചെയ്യുന്ന പ്രഭാത സമയത്ത് അദ്ദേഹത്തിന്റെ പൂർവ്വ പിതാക്കളായ രാജക്കന്മാർ ഉറങ്ങുകയായിരുന്നു. ആളുകൾ രാത്രി നിന്നു നമസ്കരിക്കുന്ന സമയത്ത് അവർ മദ്യപിക്കുകയുമായിരുന്നു. അതു കൊണ്ടാണ് അവർക്ക് അധികാരം നഷ്ടമായത്.
- നബി (സ്വ) ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു.

وعَنِ ابْنِ عُمَرَ قالَ: قالَ رَسُولُ اللَّهِ - ﷺ :- اللَّهُمَّ بارِكْ لِأُمَّتِي فِي بُكُورِها.

അല്ലാഹുവെ, എന്റെ ഉമ്മത്തിന്റെ പ്രഭാത സമയത്ത് നീ അവർക്ക് ബറക്കത്ത് ചൊരിയണെ,

- നബി (സ്വ) സൈന്യങ്ങളെ അയച്ചിരുന്നത് പ്രഭാതത്തിലെ ആദ്യ സമയത്തായിരുന്നു.
- നബി (സ്വ) യുടെ ഈ പാത പിന്തുടർന്ന സ്വഖറുൽ ഗ്വാമിദിയുടെ ചരിത്രം.

നബി (സ്വ) യുടെ ഈ പ്രാർത്ഥന കേട്ടപ്പോൾ സ്വഖറുൽ ഗ്വാമിദി എന്ന സ്വഹാബി കച്ചവടം പ്രഭാത സമയത്തേക്ക് മാറ്റുകയും വലിയ ബറക്കത്ത് ലഭിക്കുകയും ചെയ്തത് ചരിത്രത്തിൽ കാണാം.

- ഈ ഒരു ചര്യയാണ് മൃഗങ്ങളും പക്ഷികളും പിന്തുടരുന്നത്. പക്ഷി അന്നം തേടുന്ന ഹദീസ്.

عَنْ عُمَر، عَنْ النَّبِي ﷺ قالَ :لَو أنَّكُم تَوَكَّلُون عَلى الله حَق تَوَكُّلِه، لَرُزِقْتُم كَما تُرْزَق الطَّيْر، تَغْدُو خِماصًا وتَرُوح بِطانًا

**2. ഇബാദത്തിന്റെ ആപത്താണ് മടി.**

عَنِ ابْنِ مَسعُود، قالَ :لِكُلِّ شيءٍ آفةٌ، وآفةُ العِلْمِ النِّسْيانُ.

ഇബ്നു മസ്ഊദ് (റ) പറഞ്ഞു; എല്ലാ കാര്യത്തിനും അപകടങ്ങളുണ്ട്. അറിവിന്റെ അപകടം മറവിയാണ്. ഇബാദത്തിന്റെ അപകടം മടിയാണ്.
മുഹമ്മദ് ഇബ്നു അലി തന്റെ മകനോട് പറഞ്ഞു;

قالَ مُحَمَّدُ بْنُ عَلِيٍّ لِابْنِهِ :يا بُنَيَّ إيّاكَ والكَسَلَ والضَّجَرَ، فَإنَّهُما مِفْتاحُ كُلِّ شَرٍّ، إنَّكَ إنْ كَسِلَتْ لَمْ تُؤَدِّ حَقًّا، وإنْ ضَجِرْتَ لَمْ تَصْبِرْ عَلى حَقٍّ (حلية الأولياء وطبقات الأصفياء ١٨٣/٣ —أبو نعيم الأصبهاني )

മടി എല്ലാ തിന്മകളുടെയും താക്കോലാണ്.,
**മുനാഫിഖുകളെക്കുറിച്ച് അല്ലാഹു പറഞ്ഞു;**

إنَّ الْمُنَافِقِينَ يُخَادِعُونَ اللَّهَ وَهُوَ خَادِعُهُمْ وَإِذَا قَامُوا إِلَى الصَّلَاةِ قَامُوا كُسَالَىٰ يُرَاءُونَ النَّاسَ وَلَا يَذْكُرُونَ اللَّهَ إِلَّا قَلِيلًا ﴿النساء: ١٤٢﴾

وَمَا مَنَعَهُمْ أَن تُقْبَلَ مِنْهُمْ نَفَقَاتُهُمْ إِلَّا أَنَّهُمْ كَفَرُوا بِاللَّهِ وَبِرَسُولِهِ وَلَا يَأْتُونَ الصَّلَاةَ إِلَّا وَهُمْ كُسَالَىٰ وَلَا يُنفِقُونَ إِلَّا وَهُمْ كَارِهُونَ ﴿التوبة: ٥٤﴾

**3. മടി പിശാചിന്റെ അമ്പാണ്.**

وعَنِ ابْنِ عَبّاسٍ قالَ: قالَ رَسُولُ اللَّهِ ﷺ» :الشَّيْطانُ جاثِمٌ عَلى قَلْبِ ابْنِ آدَمَ فَإذا ذَكَرَ اللَّهَ خَنَسَ وإذا غفَلَ وسوس». رَواهُ البُخارِيّ تَعْلِيقا

ഇബ്നു അബ്ബാസ് (റ) പറഞ്ഞു; മനുഷ്യ ഹൃദയത്തിൽ പിശാച് എപ്പോഴും സന്നിഹിതനാണ്. മനുഷ്യൻ മറക്കുകയോ അശ്രദ്ധനാവുകയോ ചെയ്താൽ പിശാച് ദുർബോധനം നടത്തും. അവൻ അല്ലാഹുവിനെ ഓർത്താൽ പിശാച് പിന്തിരിയും.

- **പിശാചിന്റെ സാന്നിദ്ധ്യം തിരിച്ചറിയുക.**

عَنْ أَبِي هُرَيْرَةَ ، عَنِ النَّبِيِّ ﷺ، قالَ: «إذا اسْتَيْقَظَ أُراهُ أحَدُكُمْ مِن مَنامِهِ فَتَوَضَّأَ فَلْيَسْتَنْثِرْ ثَلاثًا، فَإنَّ الشَّيْطانَ يَبِيتُ عَلى خَيْشُومِهِ«،

നിങ്ങൾ ഉറക്കിൽ നിന്നുണർന്നാൽ വുദ്വു ചെയ്യുകയും മൂന്നു പ്രാവശ്യം മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്യുക. പിശാച് നിങ്ങളുടെ തരിമൂക്കിൽ രാപാർക്കുന്നു. (ബുഖാരി)

عَنْ أَبِي هُرَيْرَةَ أنَّ رَسُولَ اللَّهِ - ﷺ - قالَ يَعْقِدُ الشَّيْطانُ عَلى قافِيَةِ رَأْسِ أحَدِكُمْ إذا هُوَ نامَ ثَلاثَ عُقَدٍ ويَضْرِبُ مَكانَ كُلِّ عُقْدَةٍ عَلَيْك لَيْلًا طَوِيلًا فارْقُدْ فَإنْ اسْتَيْقَظَ فَذَكَرَ اللَّهَ انْحَلَّتْ عُقْدَةٌ فَإنْ تَوَضَّأ انْحَلَّتْ عُقْدَةٌ فَإنْ صَلّى انْحَلَّتْ عُقْدَةٌ فَأصْبَحَ نَشِيطًا طَيِّبَ النَّفْسِ وإلّا أصْبَحَ خَبِيثَ النَّفْسِ كَسْلانَ.

പിശാച് നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങളുടെ പിരടിയിൽ മൂന്നു കെട്ടുകൾ ഇടുന്നു. ഓരോ കെട്ടും മുറുക്കി പിശാച് പറയും ഉറങ്ങിക്കോളൂ, ദീർഘമായ രാത്രിയുണ്ട്. ഉണരുമ്പോൾ അല്ലാഹുവിനെ സ്മരിച്ചാൽ ഒരു കെട്ട് അഴിയും, വുദ്വു ചെയ്താൽ ഒരു കെട്ടു കൂടി അഴിയും. നമസ്കരിച്ചാൽ മൂന്നാമത്തെ കെട്ടും അഴിയും. അങ്ങനെ നല്ല മനസ്സോടെ ഉന്മേഷവാനായി അവൻ പ്രഭാതത്തിൽ എത്തും. അങ്ങനെയല്ല എങ്കിൽ മടിയനും ദുഷിച്ച മനസ്സുളളവനുമായി പ്രഭാതത്തിൽ എത്തും. (ബുഖാരി)

- **ഇന്നത്തെ സമൂഹത്തിൽ മടിയില്ലാതെ ഉന്മേഷത്തോടെ ജീവിക്കുന്നവർ വളരെ കുറവാണ്.**

وعَن ابنِ عُمَرَ قالَ: قالَ رَسُولُ اللَّهِ ﷺ :تَجِدُونَ النّاسَ كَإبِلٍ مِائَةٍ لا تَجِدُ فِيها راحِلَةً. رواه أحمد (٢/ ٨٨)، والبخاريُّ (٦٤٩٨)، ومسلم (٢٥٤٧)، والترمذيُّ (٢٨٧٢).

നബി (സ്വ) പറഞ്ഞു; ജനങ്ങളെ നിങ്ങൾക്ക് നൂറൊട്ടകങ്ങളെ പോലെ കാണാം. എന്നാൽ അവയിൽ യാത്ര ചെയ്യാൻ പറ്റുന്ന ഒന്നിനെ പോലും കണ്ടെത്താൻ കഴിയില്ല. (ബുഖാരി)

- **ശക്തരും ഉന്മേഷവാന്മാരുമാകാനാണ് ഇസ്ലാം പഠിപ്പിക്കുന്നത്.**

عَنْ أَبِي هُرَيْرَةَ قالَ: قالَ رَسُولُ اللَّهِ ﷺ :*المُؤْمِنُ القَوِيُّ خَيْرٌ* وأَحَبُّ إلى اللَّهِ *مِنَ المُؤْمِنِ* الضَّعِيفِ وفِي كُلٍّ خَيْرٌ، احْرِصْ علَى ما يَنْفَعُكَ ولا تَعْجَزْ، فَإِنْ غَلَبَكَ أَمْرٌ فَقَدْ قَدَّرَ اللَّهُ وما شاءَ فَعَلَ، وإياك واللو (٢٦٧ ب) فَإِنَّ اللَّوَّ يَفْتَحُ عَمَلَ الشَّيْطانِ.

ദുർബലനായ വിശ്വാസിയെക്കാൾ അല്ലാഹുവിന് ഇഷ്ടം ശക്തനായ വിശ്വാസിയെ ആണ്. എല്ലാവരിലും നന്മയുണ്ട്. നിനക്ക് ഉപകാരമുള്ള വിഷയത്തിൽ നീ താൽപര്യം കാണിക്കുക. അല്ലാഹുവിനോട് സഹായം തേടുക, അശക്തനാവരുത്. നിനക്ക് എന്തെങ്കിലും ബാധിച്ചാൽ ഞാൻ അങ്ങനെ ചെയ്തിരുന്നെങ്കിൽ ഇങ്ങനെയൊക്കെ ആകുമായിരുന്നു എന്നു പറയരുത്. പകരം നീ പറയുക. അല്ലാഹു കണക്കാക്കി. അവൻ ഉദ്ദേശിച്ചത് പ്രവർത്തിച്ചു. ലൌ (അങ്ങനെയെങ്കിൽ) എന്ന പദം പിശാചിന്റെ പ്രവർത്തനത്തെ തുറക്കുന്നു. (മുസ്ലിം)

❖ **മടിക്കുള്ള ചികിത്സ**

- മടി ഒരു രോഗമാണ്. കൃത്യമായ ചികിത്സ സ്വീകരിക്കണം.
- അല്ലാഹു എല്ലാ രോഗത്തിനും മരുന്നിറക്കിയിട്ടുണ്ട്. (ഹദീസ്)

عَنْ عَبْدِ *اللَّهِ* بْنِ مَسْعُودٍ، عَنِ النَّبِيِّ ﷺ قالَ :*ما أَنْزَلَ اللَّهُ مِن داءٍ* إلّا نَزَّلَ لَهُ دَواءً، عَلِمَهُ مَن عَلِمَهُ، وجَهِلَهُ مَن جَهِلَهُ

1. **എപ്പോഴും അല്ലാഹുവോട് സഹായം തേടുക.**

وَإِن يَمْسَسْكَ اللَّهُ بِضُرٍّ فَلَا كَاشِفَ لَهُ إِلَّا هُوَ وَإِن يَمْسَسْكَ بِخَيْرٍ فَهُوَ عَلَىٰ كُلِّ شَيْءٍ قَدِيرٌ ﴿أنعام: ١٧﴾
وَمِنْهُم مَّن يَسْتَمِعُونَ إِلَيْكَ أَفَأَنتَ تُسْمِعُ الصُّمَّ وَلَوْ كَانُوا لَا يَعْقِلُونَ ﴿يونس: ٤٢﴾

- മടി വരുന്നതിന് മുമ്പും മടി വന്നാലും അല്ലാഹുവിനോട് പ്രാർത്ഥിക്കുക
- പ്രയാസത്തിലും സന്തോഷത്തിലും ദുആ ചെയ്യുക എന്ന ഹദീസ്

احْفَظِ الله تَجِدْهُ أمامَكَ، تَعرَّفْ إلى اللهِ في الرَّخاءِ يَعْرِفكَ في الشِّدَّةِ،

عَنِ ابْنِ عُمَرَ، قالَ: قالَ رَسُولُ اللَّهِ ﷺ: «إنَّ الدُّعاءَ يَنْفَعُ مِمّا نَزَلَ، ومِمّا لَمْ يَنْزِلْ، فَعَلَيْكُمْ عِبادَ اللَّهِ بِالدُّعاءِ

നബി (സ്വ) പറഞ്ഞു; സംഭവിച്ചു കഴിഞ്ഞതിലും സംഭവിക്കാത്ത കാര്യത്തിലും പ്രാർത്ഥന ഉപകാരപ്പെടും. അല്ലാഹുവിന്റെ അടിമകളെ, നിങ്ങൾ പ്രാർത്ഥിക്കുക.

- **നബി (സ്വ) മടിയിൽ നിന്നും രക്ഷ ചോദിച്ചു.**

- എന്നാൽ മടിയന്മാർക്ക് പ്രാർത്ഥിക്കാൻ വരെ മടിയായിരിക്കും.
- നബി (സ) പറഞ്ഞു. ജനങ്ങളിൽ ഏറ്റവും അശക്തർ പ്രാർത്ഥിക്കാൻ പോലും അശക്തരായവരാണ്. ഏറ്റവും പിശുക്കന്മാർ സലാം പറയാൻ പിശുക്ക് കാണിക്കുന്നവരാണ്.

## 2. മടി കാണിച്ചാലുള്ള പര്യവസാനത്തെക്കുറിച്ച് ആലോചിക്കുക.

- ഇബ്നുൽ ജൌസി (റഹി) പറഞ്ഞു; പ്രവർത്തനങ്ങളുടെ പ്രതിഫലം അറിയാത്തവന് എല്ലാ അവസ്ഥയിലും അത് ഭാരമായിരിക്കും.
- ഉദാഹരണം.

**1. ഒന്നാമത്തെ സ്വഫിന്റെ വില അറിഞ്ഞിരുന്നെങ്കിൽ... നറുക്കെടുക്കും.**

عَنْ أَبِي هُرَيْرَةَ: أَنَّ رَسُولَ اللَّهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: لَوْ يَعْلَمُ النَّاسُ مَا فِي النِّدَاءِ وَالصَّفِّ الأَوَّلِ، ثُمَّ لَمْ يَجِدُوا إِلَّا أَنْ يَسْتَهِمُوا عَلَيْهِ لاَسْتَهَمُوا

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം. നബി ﷺ പറഞ്ഞു: ബാങ്ക് വിളിക്കുന്നതിലും ഒന്നാമത്തെ സ്വഫിലുമുള്ള മഹത്വം ജനങ്ങൾ മനസിലാക്കുകയും എന്നിട്ട് അത് കരസ്ഥമാക്കാൻ നറുക്കിടുകയല്ലാതെ മറ്റുവഴികളില്ലെന്ന് അവർ കാണുകയും ചെയ്യുകയാണെങ്കിൽ നറുക്കിട്ടിട്ടെങ്കിലും ആ സ്ഥാനം കരസ്ഥമാക്കാൻ അവർ ശ്രമിക്കും. ...... (ബുഖാരി)
മറ്റൊരു ഹദീസ് ഇപ്രകാരമുണ്ട്.

عَنْ عَائِشَةَ، قَالَتْ قَالَ رَسُولُ اللَّهِ ـ صلى الله عليه وسلم : إِنَّ اللَّهَ وَمَلاَئِكَتَهُ يُصَلُّونَ عَلَى الَّذِينَ يَصِلُونَ الصُّفُوفَ وَمَنْ سَدَّ فُرْجَةً رَفَعَهُ اللَّهُ بِهَا دَرَجَةً

ആയിശയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ആരെങ്കിലും നമസ്കാരത്തിൽ സ്വഫ്ഫുകൾക്കിടയിലെ വിടവ് നികത്തിയാൽ അവന് സ്വർഗത്തിൽ ഒരു വീട് പണിയുകയും അവിടെ അവന്റെ പദവി ഉയർത്തുകയും ചെയ്യുന്നതാണ്. (ഇബ്നുമാജ – സിൽസിലത്തു സ്വഹീഹ)

**2. സുബ്ഹി, ഇശാ ജമാഅത്തിന്റെ പ്രതിഫലം...**

وَلَوْ يَعْلَمُونَ مَا فِي الْعَتَمَةِ وَالصُّبْحِ لأَتَوْهُمَا وَلَوْ حَبْوًا

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: ഇശാഇന്റെയും സുബ്ഹിയുടെയും പ്രതിഫലം അവർ മനസ്സിലാക്കിയിരുന്നെങ്കിൽ മുട്ടിൽ ഇഴഞ്ഞിട്ടായാലും ശരി, അവർ അതിന് പങ്കെടുക്കാൻ (പള്ളിയിലേക്ക്) വരുമായിരുന്നു. (ബുഖാരി, മുസ്ലിം)

مَنْ صَلَّى الْعِشَاءَ فِي جَمَاعَةٍ فَكَأَنَّمَا قَامَ نِصْفَ اللَّيْلِ وَمَنْ صَلَّى الصُّبْحَ فِي جَمَاعَةٍ فَكَأَنَّمَا صَلَّى اللَّيْلَ كُلَّهُ

ഉസ്മാനു ബ്നു അഫ്ഫാനിൽ (റ) നിന്ന് നിവേദനം : നബി ﷺ പറയുന്നത് ഞാൻ കേട്ടു: ഇശാ നമസ്കാരം സംഘടിതമായി നമസ്കരിക്കുന്നവൻ അർദ്ധരാത്രി വരെ നമസ്കരിച്ചവനെ പോലെയാണ്. സുബ്ഹ് നമസ്കാരം ജമാഅത്തായി നമസ്കരിച്ചവൻ രാത്രി മുഴുവൻ നമസ്കരിച്ചവനെപ്പോലെയാണ്.(മുസ്‌ലിം)

- മടി കാരണം ജുമഅക്കും ജമാഅത്തിനും പോകാത്തവരുണ്ട്.

- സമയവും സൌകര്യവും ഉണ്ടായിട്ടും ഖുർആൻ പാരായണത്തിനോ, ദിക്റുകൾ ചൊല്ലാനോ ശ്രദ്ധിക്കാത്തവരുണ്ട്.

**3. ഉപദേശങ്ങൾ കേൾക്കുക.**

- ഹാറൂൻ റഷീദിന് അബുൽ അതാഹിയ നൽകിയ ഉപദേശം;- മരണത്തിന്റെ കാര്യത്തിൽ താങ്കൾ നിർഭയനാവരുത്. കാവൽക്കാരെ കൊണ്ടും കോട്ടകൾ കൊണ്ടും തടഞ്ഞാലും മരണത്തെ തടയാൻ സാധ്യമല്ല. നീ പരലോകത്ത് രക്ഷ ആഗ്രഹിക്കുന്നു. എന്നാൽ അതിനു വേണ്ട മാർഗങ്ങൾ സ്വീകരിക്കുന്നില്ല. കപ്പൽ ഉണങ്ങിയ വഴികളിലൂടെ സഞ്ചരിക്കുകയില്ല.
- ദുർഗുണങ്ങളിൽ നിന്നും രക്ഷ ആഗ്രഹിക്കുന്നവർ അതിനുള്ള മാർഗങ്ങൾ സ്വീകരിക്കുക.
- ഇബ്നു മസ്ഊദ് (റ) പറഞ്ഞു; എനിക്കൊരാളോട് ദേഷ്യമാണ്. അയാൾ ദുനിയാവിന് വേണ്ടിയോ പരലോകത്തിന് വേണ്ടിയോ ഒരു പ്രവർത്തിയും ചെയ്യുന്നില്ല.
- അദ്ദേഹം തന്നെ പറഞ്ഞു; അവസാന കാലമാകുമ്പോൾ ഒരു കൂട്ടം ആളുകൾ ഉണ്ടാവും. അവരുടെ ഏറ്റവും മികച്ച പ്രവർത്തനം പരസ്പരം ആക്ഷേപിക്കൽ ആയിരിക്കും.

**4. മടിയന്മാരോട് കൂട്ടു കൂടാതിരിക്കുക.**

ആരുമായാണോ കൂട്ടു കൂടുന്നത് അവരുടെ സ്വഭാവം നമ്മിലും സ്വാധീനമുണ്ടാക്കും.
അതു കൊണ്ട് തന്നെ അലസന്മാരുമായി കൂട്ടുകൂടാതിരിക്കുക.

**നബി (സ്വ) യുടെ ഒരു പ്രാർത്ഥന.**

عَنْ أَنَسِ بْنِ مالِكٍ، قالَ: كانَ رَسُولُ اللهِ ﷺ يَتَعَوَّذُ يَقُولُ: اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الكَسَلِ، وأَعُوذُ بِكَ مِنَ الجُبْنِ، وأَعُوذُ بِكَ مِنَ الهَرَمِ، وأَعُوذُ بِكَ مِنَ البُخْلِ.

**സമാപനം:**

- ഏറ്റെടുത്ത ഉത്തവാദിത്തം നിറവേറ്റാൻ കഴിയാതെ വരുന്നതിനും വാക്കു പാലിക്കാൻ സാധിക്കാതെ വരുന്നതിനുമെല്ലാം കാരണം അലസതയാണ്
- അലസതയെ അകറ്റാൻ ഏറ്റവും പ്രധാനമായി വേണ്ടത് നാം ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചുള്ള വ്യക്തവും കൃത്യവുമായ ലക്ഷ്യബോധമാണ്. ചെയ്യേണ്ട ജോലി ചെയ്താലുള്ള നേട്ടവും ചെയ്തില്ലെങ്കിൽ ഉണ്ടാകുന്ന ഭവിഷ്യത്തും വ്യക്തമായി മനസ്സിലാക്കുക.

---

- റൌദത്തുൽ ഖുത്തബാഇന്റെ നോട്ടിനെക്കുറിച്ചുള്ള താങ്കളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കുക.
- ഖുത്തുബ നോട്ടുകൾ ലഭിക്കാൻ (+966581416662) എന്ന നമ്പർ സേവ് ചെയ്തു പേരും സ്ഥലവും ചേർത്ത് വാട്സാപ്പ് മെസേജ് അയക്കുക.
- മുമ്പ് തയ്യാറാക്കിയ ഖുത്തുബകൾ ലഭിക്കാൻ http://www.sufaraulislam.com/ എന്ന സൈറ്റ് സന്ദർശിക്കുക.